## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 70 — 01.03.2017-ൽ മറുപടിക്ക്

### പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്കായി ആരോഗ്യ സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്കായി പ്രത്യേക ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. എ.പി.എൽ/ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10,000/- രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലുംമെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീ.ചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജണൽ ക്യാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റിജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി ചികിത്സാ ചിലവ് പൂർണ്ണമായും സൗജന്യമായി ടി പദ്ധതി നടപ്പാക്കുന്നു. ചികിത്സാ ചെലവ് 50,000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിച്ചു വരുന്നുണ്ട്. ആശുപത്രിയിൽ സൗജന്യമായി നൽകാൻ ഇല്ലാത്ത മരുന്നുകൾ ആശുപത്രിയുടെ അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രിയോട് അനുബന്ധിച്ചുള്ള ഹോസ്പിറ്റൽ വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, |

| | | | |
|---|---|---|---|
| സി) | മുൻ സർക്കാരിന്റെ കാലത്ത് നിലച്ചുപോയ, അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഇതിന്റെ പ്രയോജനം എത്ര ഊരുകളിൽ ലഭ്യമാകുന്നുണ്ടെന്ന് അറിയാക്കാമോ? | സി) | സാധിച്ചിട്ടുണ്ട്. 157 ക്ലസ്റ്ററുകളായി തിരിച്ച് അട്ടപ്പാടിയിലെ മുഴുവൻ ഊരുകളിലും നിലവിൽ കമ്മ്യൂണിറ്റി കിച്ചന്റെ പ്രയോജനം ലഭ്യമാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**